# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഏപ്രിൽ 17**

---

## സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ രണ്ടു വിദ്യാർഥികൾക്ക് വിദേശ ഫെലോഷിപ്പ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ രണ്ട് എം.ടെക് വിദ്യാർഥികൾക്ക് ഊർജ്ജ മേഖലയിലെ ഗവേഷണത്തിന് വിദേശ സർവകലാശാലകളുടെ ഫെലോഷിപ്പ്. ഡി.കെ. അഭിജിത്തിന് ജർമനിയിലെ ഫ്രൻഹോഫർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോളാർ എനർജിയിലും എസ്. കിരണിന് ഫിൻലാൻഡിലെ ആൾട്ടോ സർവകലാശാലയിലെ ഫിസിക്സ് വകുപ്പിലുമാണ് ഗവേഷണത്തിന് അവസരം ലഭിച്ചത്.

ഒരു വർഷത്തേക്ക് റിസർച്ച് അസിസ്റ്റന്റുമാരായി പ്രവർത്തിക്കുന്ന ഇരുവർക്കും പ്രതിമാസം 1500 യൂറോ ഫെലോഷിപ്പ് തുകയായി ലഭിക്കും. വൈക്കം ചെമ്പ് സ്വദേശിയായ അഭിജിത്ത് ഊർജ സാങ്കേതിക വിദ്യകളുടെ പ്രവർത്തനക്ഷമതയും സുസ്ഥിരതയും വർധിപ്പിക്കുന്നതിനുള്ള പഠനമാണ് ജർമനയിൽ നടത്തുക. ഇലക്ട്രോ കെമിക്കൽ എനർജി കൺവർഷനിലാണ് കിരണിൻറെ പഠനം.

2020ൽ പ്രവർത്തനമാരംഭിച്ച സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽനിന്നും ഇതുവരെ 17 ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് വിദേശ ഫെലോഷിപ്പ് ലഭിച്ചിട്ടുണ്ട്. രാജ്യത്തെ പ്രമുഖ വ്യവസായ സ്ഥാപനങ്ങളിൽ ഇൻറേഷൻഷിപ്പിന് അവസരം ലഭിച്ചവരുമുണ്ട്.

ഗവേഷണത്തിൽ മികവ് പുലർത്തുന്നവർക്ക് ഒരു വർഷത്തെ ഇന്റേൺഷിപ്പിന് ശേഷം അതേ സ്ഥാപനത്തിൽതന്നെ പിഎച്ച്ഡിക്കും അവസരം ലഭിക്കുന്നു. ഊർജ മേഖലയിലും മെറ്റീരിയൽ സയൻസിലും ഗവേഷണ താത്പര്യമുള്ളവർക്ക് സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ എം.ടെക്ക് എനർജി സയൻസ് ആൻറ് ടെക്നോളജി, എം.എസ്.സി പ്രോഗ്രാമുകൾക്ക് മെയ് അഞ്ചുവരെ അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾ sem.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 77369 97254, 94468 82962

(പി.ആർ.ഒ/39/291/2024)

## എൽ. വിദ്യയ്ക്ക് യംഗ് സയന്റിസ്റ്റ് അവാർഡ്

കൊൽക്കത്തയിലെ ഇന്ത്യൻ ഫോട്ടോബയോളജി സൊസൈറ്റിയുടെ യംഗ് സയന്റിസ്റ്റ് അവാർഡിന് മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് പ്യുവർ ആൻറ് അപ്ലൈഡ് ഫിസിക്സിലെ റിസർച്ച് സ്കോളർ എൽ. വിദ്യ അർഹയായി. കറുവപ്പട്ടയിൽനിന്ന് വികസിപ്പിച്ചെടുക്കുന്ന സിന്നമാൽഡിഹൈഡിന് പകരമായി ഉപയോഗിക്കാവുന്ന പദാർത്ഥം കണ്ടെത്തിയതിനാണ് പുരസ്കാരം.

ഫാർമസ്യൂട്ടിക്കൽ, ബയോമെഡിക്കൽ മേഖലയിലും വിവിധ ഗവേഷണ ആവശ്യങ്ങൾക്കുമായാണ് സിനമാൽഡിഹൈഡ് ഉപയോഗിക്കുന്നത്. (ദ)3 ക്ലോറോ-3 ഫിനൈലക്രൈലാൽഡിഹൈഡ് എന്ന ബദൽ ഉത്പന്നത്തിന് വില വളരെ കുറവായതിനാൽ ഏറെ സാധ്യതകളുണ്ടെന്ന് വിദ്യ പറഞ്ഞു. വിഷാംശം താരതമ്യേന കുറഞ്ഞിരിക്കുന്നതും പുതിയ ഉത്പന്നത്തിൻറെ സവിശേഷതയാണ്.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആൻറ് ഇൻകുബേഷൻ സെൻറർ മുഖേന ലഭിച്ച മൂന്നു ലക്ഷം രൂപയുടെ ഗ്രാൻഡ് വിനിയോഗിച്ച് പ്രഫ. സി. സുദർശൻകുമാറിൻറെ കീഴിലാണ് വിദ്യ ഗവേഷണം നടത്തിയത്.

(പി.ആർ.ഒ/39/292/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിഎ എൽഎൽബി, ബിബിഎ എൽഎൽബി, ബികോം എൽഎൽബി പ്രോഗ്രാമുകളുടെ നാലും ആറും സെമസ്റ്റർ പരീക്ഷകൾക്ക് മെയ് രണ്ടു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

മെയ് നാലു വരെ ഫൈനോടു കൂടിയും മെയ് ഏഴു വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/293/2024)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ സിബിസിഎസ് ബിഎ തമിഴ്(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷൻ റീഅപ്പിയറൻസ് - മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 22 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................

ആറാം സെമസ്റ്റർ ബിഎ ഹിന്ദി-കോർ സിബിസിഎസ്(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷൻ റീഅപ്പിയറൻസ് - മാർച്ച് 2024), ആറാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബിഎ, ബി.കോം ഹിന്ദി-കോർ സിബിസിഎസ്(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2017,2018,2019,2020 അഡ്മിഷൻ റീഅപ്പിയറൻസ് - മാർച്ച് 2024) ഏപ്രിൽ 29,30 തീയതികളിൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.........................

ആറാം സെമസ്റ്റർ സിബിസിഎസ് ബിഎ അറബിക്(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017-2020 അഡ്മിഷൻ റീഅപ്പിയറൻസ് - മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 24 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................

ആറാം സെമസ്റ്റർ സിബിസിഎസ് ബിഎ സംസ്കൃതം സ്പെഷ്യൽ/ജനറൽ(2021 അഡ്മിഷൻ റഗുലർ, 2017-2020 അഡ്മിഷൻ റീഅപ്പിയറൻസ് - മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 29,30 തീയതികളിൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/294/2024)

## പ്രോജക്ട്, വൈവ വോസി

ബാച്ച്ലർ ഓഫ് ഫിനാൻഷ്യൽ മാർക്കറ്റ്സ് കോഴ്സിൻറെ ആറാം സെമസ്റ്റർ(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി പരീക്ഷകൾ മെയ് രണ്ട്, മൂന്ന് അതത് കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.........................

ആറാം സെമസ്റ്റർ ബി.എ ഇക്കണോമിക്സ് മോഡൽ 2 സിബിസിഎസ്(2021 അഡ്മിഷൻ റഗുലർ, 2017-2020 അഡ്മിഷൻ സപ്ലിമെൻററി - മാർച്ച് 2024) പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി പരീക്ഷകൾ ഏപ്രിൽ 23ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.........................

മൂന്ന്, നാല് സെമസ്റ്ററുകൾ എംഎ സോഷ്യോളജി(2016,2017,2018 അഡ്മിഷൻ സപ്ലിമെൻററി, 2014,2015 അഡ്മിഷൻ മെഴ്സി ചാൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ - ഡിസംബർ 2023) പരീക്ഷയുടെ വൈവാ വോസി പരീക്ഷകൾ ഏപ്രിൽ 29ന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/295/2024)

## <u>പ്രാക്ടിക്കൽ മാറ്റി വച്ചു</u>

ആറാം സെമസ്റ്റർ ബി.എ മദ്ദളം(സിബിസിഎസ് - 2021 അഡ്മിഷൻ റഗുലർ, 2017-2020 അഡ്മിഷൻ റീഅപ്പിയറൻസ് - മാർച്ച് 2024) പരീക്ഷയുടെ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ ഏപ്രിൽ 23ന് നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 29 ലേക്ക് മാറ്റി. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/296/2024)

## <u>പരീക്ഷാ ഫലം</u>

നവംബറിൽ നടത്തിയ ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബികോം എൽഎൽബി (ഓണേഴ്സ് - 2019 അഡ്മിഷൻ റഗുലർ, 2018 അഡ്മിഷൻ സപ്ലിമെൻററി), പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽഎൽബി(ഓണേഴ്സ് - 2015-2017 അഡ്മിഷൻ സപ്ലിമെൻററി, 2013-2014 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 30 വരെ 2018 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ ഓൺലൈനിലും 2018 അഡ്മിഷന് മുൻപുള്ളവർ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും സമർപ്പിക്കണം.
.........................

മൂന്നാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് മെറ്റീരിയൽ സയൻസ്(റഗുലർ, സപ്ലിമെൻററി - നവംബർ 2023), മൂന്നാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ് ബ്രാഞ്ച് 10(എ) ചൈൽഡ് ഡവലപ്മെൻറ്, ബ്രാഞ്ച് 10(ഡി) ഫാമിലി ആൻറ് കമ്മ്യൂണിറ്റി സയൻസ് - നവംബർ 2023) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 30 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/297/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**